**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2060** **12-09-2023 - ൽ മറുപടിയ്ക്ക്**

**മിൽമക്ക് അമിത സാമ്പത്തിക അധികാരം നൽകുന്ന ഉത്തരവ് പിൻവലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നിയമത്തിനു വിരുദ്ധമായി മിൽമയ്ക്ക് അമിത സാമ്പത്തിക അധികാരം നൽകുന്ന ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01.09.2022-ലെ സ.ഉ (സാധാ) 116/2022/ഡി.ഡി. നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സംബന്ധിച്ച ഫയൽ ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ ഓഫീസ് പരിശോധിച്ചിട്ടുണ്ടോ; | (എ) | സ.ഉ.(സാധാ)നം.116/2022/ഡിഡി നമ്പർ ഉത്തരവ് പ്രകാരം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും, അംഗസംഘങ്ങളായ മേഖലാ യൂണിയനുകൾക്കും സുഗമമായ പ്രവർത്തനങ്ങൾക്ക് അധികാര പരിധികൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ഉത്തരവ് സംബന്ധിച്ച ഫയൽ ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ ഓഫീസ് പരിശോധിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ നിയമത്തിന് വിരുദ്ധവും സാമ്പത്തിക ദുർവിനിയോഗത്തിന് ഇടവരുന്നതുമായ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ടി ഉത്തരവിനെതിരെ ലഭിച്ച പരാതികൾ പരിശോധിച്ചുവരുന്നു. |
| (സി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് തട്ടിപ്പിന്റെ ഭാഗമായി സഹകരണ മേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ ക്ഷീരസഹകരണ മേഖലയിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സഹകരണ നിയമത്തിൽ സർക്കാർ കൊണ്ട് വരുന്ന ഭേദഗതികൾ ക്ഷീര സഹകരണ സംഘങ്ങൾക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ